"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017) ഒഴിവാക്കണമെന്നുള്ള കേരള നിയമ പരിഷ്കരണ കമ്മിഷന്റെ ശിപാർശയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.61/2023/LAW തീയതി,തിരുവനന്തപുരം, 06-07-2023

---

പരാമർശം:- 1. സ.ഉ.(എം.എസ്) 73/2021/നിയമം തീയതി, 24.11.2021.

2. സ.ഉ.(കൈ) നം. 26/2022/നിയമം തീയതി, 16.05.2022.

3. കേരള നിയമപരിഷ്കരണ കമ്മിഷൻ സെക്രട്ടറിയുടെ 31.03.2023 തീയതിയിലെ 12/ഇ1/2021/കെ.എൽ.ആർ.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാലഹരണപ്പെട്ട 218 ആക്റ്റുകൾ റദ്ദാക്കാൻ ശിപാർശ ചെയ്തുകൊണ്ട് കേരള നിയമപരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിലെ പട്ടികയിലുള്ള ക്രമനമ്പർ 1 മുതൽ 96 വരെയുള്ള ആക്റ്റുകൾ ഒഴിവാക്കി, ക്രമ നമ്പർ 97 മുതൽ 218 വരെയുള്ള 122 ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിനായി, പ്രസ്തുത കരട് ബില്ലിന്മേൽ പരിശോധന നടത്തി, നിയമനിർമ്മാണ നടപടികൾ നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, നിയമ (നിയമനിർമ്മാണ-ഡി) വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതും ആയതുപ്രകാരം നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ് തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill,

**2021"** എന്ന കരട് ബില്ലിൽ ഉൾപ്പെട്ട കേന്ദ്ര നിയമങ്ങളുടെ **5** കേരള ഭേദഗതി ആക്ടുകൾ റദ്ദാക്കാനാകാത്തതിനാൽ പ്രസ്തുത **5** ഭേദഗതി ആക്ടുകൾ നിർദ്ദിഷ്ട കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്നുള്ള കേരള നിയമപരിഷ്‌ക്കരണ കമ്മിഷന്റെ ശിപാർശ സർക്കാർ അംഗീകരിച്ച് പരാമർശം **(2)** പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

കേരള നിയമപരിഷ്‌കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന പതിനഞ്ചാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട **"The Kerala Repealing and Saving Bill, 2021"** എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര നിയമങ്ങളുടെ **5** ഭേദഗതി ബില്ലുകൾക്കൊപ്പം, റിപ്പോർട്ടിൽ ക്രമനമ്പർ **180** ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, **2017** (ആക്ട് നം. **23/2017**)-ഉം റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് കേരള നിയമപരിഷ്‌കരണ കമ്മിഷൻ പരാമർശം **(3)** പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള നിയമ പരിഷ്‌കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന പതിനഞ്ചാമത് റിപ്പോർട്ടിലെ **"The Kerala Repealing and Saving Bill, 2021"** എന്ന കരട് ബില്ലിൽ, റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന്, ക്രമനമ്പർ **180** ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, **2017** (ആക്റ്റ് നം. **23/2017**) ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്‌കരണ കമ്മിഷന്റെ ശിപാർശ അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
വി ഹരി നായർ
നിയമ സെക്രട്ടറി

1. ചെയർമാൻ, കേരള നിയമ പരിഷ്‌കരണ കമ്മിഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
2. സെക്രട്ടറി, കേരള നിയമ പരിഷ്‌കരണ കമ്മിഷൻ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം.
5. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
6. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. നിയമസെക്രട്ടറിയുടെ പി.എ.
8. നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

9. ഇൻഫർമേഷൻ ഓഫീസർ, **I&PRD, Web & New Media.**
10. അഡീഷണൽ നിയമ സെക്രട്ടറി, നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്.
11. ഡെപ്യൂട്ടി സെക്രട്ടറി, നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ്.
12. പൊതുഭരണ (എസ്.സി.) വകുപ്പ്(05.07.2023 തീയതിയിലെ മന്ത്രിസഭായോഗതീരുമാനം ഇനം നമ്പർ 1617)
13. നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ് (ആവശ്യമായ തുടർനടപടിക്ക്).
14. നിയമ (നോഡൽ) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Rajan T V
Date: 06-07-2023 11:41:49
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-07-2023

ഫയൽ നം. സ്പെ.സെൽ/30/2022/നിയമം. ഇനം നം: 1617

വിഷയം : നിയമ വകുപ്പ് - കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര നിയമങ്ങളുടെ 5 ഭേദഗതി ബില്ലുകൾക്കൊപ്പം, റിപ്പോർട്ടിൽ ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം.23/2017)-ഉം റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

1617

# കേരള സർക്കാർ

(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സ്പെ.സെൽ/30/2022-നിയമം |
| 2. | വകുപ്പ് | : | നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പ് |
| 3. | വിഷയം | : | കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര നിയമങ്ങളുടെ 5 ഭേദഗതി ബില്ലുകൾക്കൊപ്പം, റിപ്പോർട്ടിൽ ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017)-ഉം റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ അംഗീകരിക്കുന്നതു സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.06.2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>:<br>: | അല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | ഇല്ല |

| | | | |
|---|---|---|---|
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. ബൈജു ആർ.എച്ച്. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. ഹരി നായർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.06.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.06.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30.06.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.07.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/ കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017) കൂടി ഒഴിവാക്കണമെന്ന കമ്മിഷന്റെ ശിപാർശയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ പ്രതിപാദ്യ വിഷയം.

കാലഹരണപ്പെട്ട 218 ആക്റ്റുകൾ റദ്ദാക്കാൻ ശിപാർശ ചെയ്തുകൊണ്ട് "The Kerala Repealing and Saving Bill, 2021" എന്ന കരട് ബിൽ ഉൾപ്പെട്ട 15-ാമത് റിപ്പോർട്ട് കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ, റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 218 ആക്റ്റുകളിൽ ആദ്യത്തെ 96 ആക്റ്റുകൾ (ക്രമനമ്പർ 1 മുതൽ 96 വരെ), ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ കേരള നിയമ പരിഷ്കരണ കമ്മിഷൻ 2009-ൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതായും, പ്രസ്തുത 96 ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ നേരത്തെതന്നെ സ്വീകരിച്ചുവന്നതായും കണ്ടെത്തിയതിനെ തുടർന്ന്, കേരള നിയമ പരിഷ്കരണ കമ്മിഷന്റെ 15-ാമത് റിപ്പോർട്ടിന് അംഗീകാരം ലഭിക്കുന്നതിനും പ്രസ്തുത

റിപ്പോർട്ടിൽ ഉൾപ്പെട്ട The Kerala Repealing and Saving Bill, 2021 എന്ന കരട് ബില്ലിന്റെ പട്ടികയിലുള്ള ക്രമ നമ്പർ 1 മുതൽ 96 വരെയുള്ള ആക്റ്റുകൾ ഒഴിവാക്കി, ക്രമ നമ്പർ 97 മുതൽ 218 വരെയുള്ള 122 ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിനായി, പ്രസ്തുത കരട് ബില്ലിന്മേൽ പരിശോധന നടത്തി, നിയമനിർമ്മാണ നടപടികൾ നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, 24.11.2021 തീയതിയിലെ മന്ത്രിസഭായോഗത്തിന്റെ (ഇനം നം. 391) അംഗീകാരത്തോടെ, നിയമ (നിയമനിർമ്മാണ-ഡി) വകുപ്പിനെ ചുമതലപ്പെടുത്തി 24.11.2021 തീയതിയിലെ സ.ഉ.(എം.എസ്) 73/2021/നിയമം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കരട് ബില്ലിന്റെ പട്ടികയിലുള്ള ക്രമനമ്പർ 1 മുതൽ 96 വരെയുള്ള ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പതിനാലാം കേരള നിയമസഭയുടെ 34-ാംനമ്പരായും 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 44-ാംനമ്പരായും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട The Kerala Repealing and Saving Bill, 2021 എന്ന കരട് ബില്ലിൽ ഉൾപ്പെട്ട 5 കേരള ഭേദഗതി ആക്റ്റുകൾ കമ്മിഷൻ തെറ്റായിട്ടാണ് കരട് ബില്ലിൽ ഉൾപ്പെടുത്തിയതെന്നും, ആയതിനാൽ പ്രസ്തുത 5 ഭേദഗതി ആക്റ്റുകൾ നിർദ്ദിഷ്ട കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള കേരള

നിയമപരിഷ്കരണ കമ്മിഷന്റെ ശിപാർശ 13.05.2022-ലെ മന്ത്രിസഭായോഗം (ഇനം നമ്പർ 719) അംഗീകരിച്ചതിനെ തുടർന്ന് പ്രസ്തുത ശിപാർശയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 16.05.2022 തീയതിയിലെ സ.ഉ.(കൈ) നം. 26/2022/നിയമം നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

മേൽപ്രസ്താവിച്ച നിയമ വകുപ്പിന്റെ 24.11.2021 തീയതിയിലെ സ.ഉ.(എം.എസ്) 73/2021/നിയമം, 16.05.2022 തീയതിയിലെ സ.ഉ.(എം.എസ്) 26/2022/നിയമം നമ്പർ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ, നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര നിയമങ്ങളുടെ 5 ഭേദഗതി ബില്ലുകൾക്കൊപ്പം, റിപ്പോർട്ടിൽ ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017)-ഉം റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന് കേരള നിയമ പരിഷ്കരണ കമ്മിഷൻ സെക്രട്ടറി 31.03.2023 തീയതിയിലെ

12/ഇ 1/2021/കെഎൽആർസി നമ്പർ കത്ത് മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട The Kerala Repealing and Saving Bill, 2021-ൽ ഉൾപ്പെട്ട ഭേദഗതി ബില്ലുകൾ ഒഴിവാക്കുന്നതു സംബന്ധിച്ച്, ഒരേ വിഷയത്തിൽ പലതവണ അംഗീകാരത്തിനായി ശിപാർശകൾ മന്ത്രിസഭായോഗത്തിന് സമർപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി, പ്രസ്തുത ബില്ലിൽ നിന്നും ഇനിയും ഏതെങ്കിലും ബില്ലുകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് ഒരു പരിശോധനകൂടി നടത്തി വിവരം അടിയന്തരമായി അറിയിക്കാൻ കേരള നിയമ പരിഷ്കരണ കമ്മീഷൻ സെക്രട്ടറിയോട് 02.05.2023 തീയതിയിലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നതും, കമ്മീഷൻ സർക്കാരിന് സമർപ്പിച്ച "The Kerala Repealing and Saving Bill, 2021"-ൽ കൂടുതലായി ഒരു ബില്ലും ഒഴിവാക്കുവാനോ ഭേദഗതി വരുത്തുവാനോ ഇല്ലെന്ന് കമ്മീഷൻ സെക്രട്ടറി 04.05.2023-ലെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതുമാണ്.

കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിന് അംഗീകാരം ലഭിക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ട The Kerala Repealing and Saving Bill, 2021 എന്ന കരട് ബില്ലിലെ

പട്ടികയിലുള്ള ക്രമനമ്പർ 1 മുതൽ 96 വരെയുള്ള ആക്റ്റുകൾ ഒഴിവാക്കി, ക്രമ നമ്പർ 97 മുതൽ 218 വരെയുള്ള ആകെ 122 ആക്റ്റുകൾ റദ്ദ് ചെയ്യുന്നതിനായി, പ്രസ്തുത കരട് ബില്ലിന്മേൽ പരിശോധന നടത്തി, നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതി 24.11.2021 തീയതിയിലെ ഇനം നം. 391 ആയും; പ്രസ്തുത കരട് ബില്ലിൽ ഉൾപ്പെട്ട 5 കേരള ഭേദഗതി ആക്റ്റുകൾ നിർദ്ദിഷ്ട കരട് ബില്ലിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശ 13.05.2022 തീയതിയിലെ ഇനം നമ്പർ 719 ആയും മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ, കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 15-ാമത് റിപ്പോർട്ടിലെ "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017) ഒഴിവാക്കുന്നതിനുള്ള കേരള നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശയ്ക്കും മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ആവശ്യമുള്ളതാണ്.

ആയതിനാൽ, കേരള നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന്, ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ്

നം. 23/2017) ഒഴിവാക്കുന്നതിനുള്ള കേരള നിയമ പരിഷ്കരണ കമ്മിഷന്റെ ശിപാർശയ്ക്ക് അംഗീകാരം വാങ്ങുന്നതിനായി മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അംഗീകാരത്തിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും പ്രസ്തുത വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 24.06.2023-ന് ഫയലിൽ ഉത്തരവായിട്ടുള്ളതുമാണ്.

**തീരുമാനിക്കേണ്ട സംഗതി**

കേരള നിയമ പരിഷ്കരണ കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിരുന്ന 15-ാമത് റിപ്പോർട്ടിലെ നിർദ്ദിഷ്ട "The Kerala Repealing and Saving Bill, 2021" എന്ന കരട് ബില്ലിൽ നിന്നും ഒഴിവാക്കിയ കേന്ദ്ര നിയമങ്ങളുടെ 5 ഭേദഗതി ബില്ലുകൾക്കൊപ്പം, റിപ്പോർട്ടിൽ ക്രമനമ്പർ 180 ആയി ചേർത്തിട്ടുള്ള മിനിമം വേജസ് (കേരള ഭേദഗതി) ആക്റ്റ്, 2017 (ആക്റ്റ് നം. 23/2017)-ഉം റദ്ദാക്കേണ്ട നിയമങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്ന കേരള നിയമ പരിഷ്കരണ കമ്മിഷൻ ശിപാർശ അംഗീകരിക്കാമോ ?